**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3490** **05-08-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേമപെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷേമപെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ സർക്കാർ നിർദ്ദേശപ്രകാരം യഥാസമയം മസ്റ്ററിംഗ് നടത്താത്തതിനാൽ അവരുടെ പെൻഷൻ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് മസ്റ്ററിംഗ് നടത്തി പെൻഷൻ ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി ഈ ഓണക്കാലത്തിന് മുമ്പ് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിച്ചിട്ടുള്ളവർക്കാണ് മസ്റ്ററിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. കോവിഡ് വ്യാപനം രൂക്ഷമായ നിലവിലെ സാഹചര്യത്തിൽ മസ്റ്ററിംഗ് നടത്തുവാൻ കഴിയില്ല. മഹാമാരിക്ക് ശമനമുണ്ടാകുമ്പോൾ മസ്റ്ററിംഗ് നടത്താത്തവർക്ക് അതിനായി ഒരവസരം കൂടി നൽകുന്നതും അപ്രകാരം മസ്റ്റർ ചെയ്യുന്നവർക്ക് മുടങ്ങിക്കിടക്കുന്ന പെൻഷൻ പുന:സ്ഥാപിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. |
| (ബി) | യഥാസമയം മസ്റ്ററിംഗ് നടത്താത്തതിനാൽ പെൻഷൻ തുക തടയപ്പെട്ട ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗിനുശേഷം പെൻഷൻ തുക ലഭിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും മസ്റ്ററിംഗിന് മുമ്പ് തടഞ്ഞ് വെച്ച പെൻഷൻ കുടിശ്ശിക ഈ ഓണക്കാലത്തിന് മുമ്പ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഈ വിഷയം പരിശോധിച്ച് തീരുമാന-മെടുക്കുന്നതായിരിക്കും. |
| (സി) | ഇങ്ങനെ പെൻഷൻ കുടിശ്ശികയുള്ള എത്ര ഗുണഭോക്താക്കളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | മസ്റ്ററിംഗ് പൂർത്തിയാക്കാതിരുന്നതിനാൽ പെൻഷൻ കുടിശ്ശികയുള്ള 1,41,852 ഗുണഭോക്താക്കളാണുള്ളത്. |

സെക്ഷൻ ഓഫീസർ